**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 972** **10-08-2023 - ൽ മറുപടിയ്ക്ക്**

**വനംവകുപ്പിന്റെ തിരുവനന്തപുരം ഡിവിഷന് കീഴിലുള്ള ഡിപ്പോകളിലെ കയറ്റുകൂലി തർക്കം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. ജെ. വിനോദ്** | | **ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | വനംവകുപ്പിന്റെ തിരുവനന്തപുരം ഡിവിഷന് കീഴിലുള്ള ഡിപ്പോകളിൽ കയറ്റുകൂലി തർക്കം മൂലം തടി ലേലം നടക്കാത്ത സാഹചര്യം നിലവിലുണ്ടോ; വിശദാംശം നൽകുമോ; | (എ) | **വനം വകുപ്പിന്റെ തിരുവനന്തപുരം ഡിവിഷന് കീഴിലുള്ള ഡിപ്പോകളിൽ കയറ്റുകൂലി തർക്കം മൂലം തടി ലേലം നടക്കാത്ത യാതൊരു സാഹചര്യവും നിലവിലില്ല.** |
| (ബി) | വനംവകുപ്പിന്റെ വിവിധ ഡിപ്പോകളിൽ ഒരു ലോഡ് തടി കയറ്റുന്നതിനുള്ള നിലവിലെ കൂലി നിരക്ക് എത്രയാണെന്ന് അറിയിക്കുമോ; തിരുവനന്തപുരം ഡിവിഷന് കീഴിൽ ഇത് എത്രയാണെന്ന് വ്യക്തമാക്കുമോ; | (ബി) | **വനം വകുപ്പിന്റെ വിവിധ തടി ഡിപ്പോകളിലെ കയറ്റ്/ ഇറക്കുകൂലി നിരക്ക് തൊഴിൽ വകുപ്പ്, അതത് മേഖലയിലെ ലോഡിംങ് തൊഴിലാളികളുമായി കൂടിയാലോചിച്ച് ചർച്ച ചെയ്യുന്നതിന്റെ അടിസ്ഥാനത്തിൽ നിശ്ചയിക്കുന്നതാണ്. തിരുവനന്തപുരം ടിംബർ സെയിൽസ് ഡിവിഷനു കീഴിലുള്ള ഡിപ്പോകളിലെ ലോഡിംങ് തൊഴിലാളികൾക്ക് തൊഴിൽ വകുപ്പ് നിലവിൽ അംഗീകരിച്ച് നൽകിയ കയറ്റുകൂലി നിരക്ക് ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധമായി ചേർത്തിട്ടുണ്ട്.** |
| (സി) | തിരുവനന്തപുരം ഡിവിഷന് കീഴിൽ അമിത കൂലി ഈടാക്കുന്നത് മൂലം തടി ലേലം മുടങ്ങിയതിനാൽ എത്ര രൂപയുടെ നഷ്ടം ഉണ്ടായിട്ടുള്ളതായാണ് കണക്കാക്കിയിട്ടുള്ളത്; കൂലി തർക്കം പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (സി) | തിരുവനന്തപുരം ടിംബർ സെയിൽസ് ഡിവിഷന് കീഴിലുള്ള ഡിപ്പോകളിൽ കയറ്റുകൂലി വർദ്ധനവ് കാരണം ലേലം മുടങ്ങിയ സംഭവങ്ങൾ ഉണ്ടായിട്ടില്ല. കയറ്റുകൂലി സംബന്ധമായ തർക്കം ഉടലെടുക്കുമ്പോൾ, ടി തർക്കം പരിഹരിക്കുവാൻ തൊഴിൽ വകുപ്പ് തൊഴിലാളി യൂണിയനുകളുടെയും തടി വ്യാപാരികളുടെയും പ്രതിനിധികളുമായി ചർച്ച നടത്തി പരിഹാരം കാണാറുണ്ട്. |
| (ഡി) | സംസ്ഥാനത്തെ എല്ലാ ഡിവിഷനു കീഴിലുമുള്ള ഡിപ്പോകളിൽ കയറ്റിറക്ക് കൂലി ന്യായമായ നിരക്കിൽ | (ഡി) | സംസ്ഥാനത്തെ എല്ലാ ഡിവിഷനു കീഴിലുമുള്ള ഡിപ്പോകളിൽ കയറ്റിറക്ക് കൂലി അതാത് പ്രദേശത്തെ യൂണിയൻ ലോഡിംഗ് തൊഴിലാകളുമായി ചർച്ച |

| | | | |
|---|---|---|---|
| | ഏകീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | | നടത്തി തൊഴിൽ വകുപ്പ് നിശ്ചയിക്കുന്ന തുകയാണ്. കയറ്റിറക്ക് കൂലി ന്യായമായ നിരക്കിൽ ഏകീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടത് തൊഴിൽ വകുപ്പാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം – 1**

| ക്രമ നം. | ഡിപ്പോ | ക്യൂ.മീ. നിരക്ക് |
|---|---|---|
| 1 | ആര്യങ്കാവ് | 3050 |
| 2 | കുളത്തൂപ്പുഴ | 3000 |
| 3 | തെന്മല | 2700 |
| 4 | അച്ചൻകോവിൽ | 3400 |
| 5 | മുള്ളുമല (അനക്സ്) | 3050 |